**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1665** **15-03-2022 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ രംഗത്തെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽനിന്നുള്ള ധാരാളം വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസത്തിന് ഇതര സംസ്ഥാനങ്ങളെയും വിദേശ രാജ്യങ്ങളെയും വലിയ തോതിൽ ആശ്രയിക്കുന്ന സാഹചര്യത്തിൽ സർക്കാർ - സ്വകാര്യ മേഖലയിൽ കൂടുതൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനും, വിദ്യാർത്ഥികൾ ഉന്നതവിദ്യാഭ്യാസത്തിനായി മറ്റ് സംസ്ഥാനങ്ങളെ/വിദേശ രാജ്യങ്ങളെ വലിയ തോതിൽ ആശ്രയിക്കുന്നത് ഒഴിവാക്കുന്നതിനും, കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഒരു ഹബ്ബ് ആക്കി മാറ്റുന്നതിനുമായി സർക്കാർ ഉന്നത വിദ്യാഭ്യാസമേഖലയിൽ ധാരാളം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിലുള്ള 75 സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകൾക്കും 191 എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകൾക്കും പുറമേ ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ ട്രൈബൽ ആർട്സ് ആന്റ് സയൻസ് കോളേജ്, നാട്ടുകാണി എന്ന പേരിൽ ഒരു എയ്ഡഡ് കോളേജും, കൊല്ലം ജില്ലയിൽ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയും അടുത്തകാലത്തായി ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ മറ്റ് സംസ്ഥാനങ്ങളെയും, വിദേശരാജ്യങ്ങളെയും കൂടുതലായി ആശ്രയിക്കുന്ന ഹോട്ടൽ മാനേജ്മെന്റ്/ കാറ്ററിംഗ് കോഴ്സുകൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിലേക്കായി തിരുവനന്തപുരം ജില്ലയിൽ സൗത്ത് പാർക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ്, മലപ്പുറം ജില്ലയിൽ KMCT കോളേജ് ഓഫ് ഹോട്ടൽ മാനേജ്മെന്റ്, ആന്റ് കാറ്ററിംഗ് ടെക്നോളജി എന്നീ സ്ഥാപനങ്ങൾ ആരംഭിക്കാൻ സർക്കാർ എൻ.ഒ.സി നൽകിയിട്ടുണ്ട്. കൂടാതെ, ആർക്കിടെക്ചറൽ മാനേജ്മെന്റ് കൂടുതൽ വിദ്യാർ ത്ഥികളെ ആകർഷിക്കുന്നതിലേക്കായി തിരുവനന്തപുരം ജില്ലയിൽ DC School of Architecture and Design എന്ന സ്ഥാപനം |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥാപന മേധാവികളുമായി സർക്കാർ എഗ്രിമെന്റ് വച്ചിട്ടുണ്ട്. ഇതിനു പുറമേ, സ്വകാര്യ മേഖലയിൽ ബന്ധപ്പെട്ട സർവ്വകലാശാലകളുടെ ശിപാർശ കൾക്ക് വിധേയമായി പുതുതലമുറ കോഴ്സുകൾ ഉൾപ്പെടെയുള്ള ധാരാളം കോഴ്സുകൾ അനുവദിക്കുന്നുമുണ്ട്. കൂടാതെ, ഉന്നതവിദ്യാഭ്യാസമേഖല യിൽ മികവ് കൈവരിക്കുക എന്ന ലക്ഷ്യത്തിനായി 2021-22-ലെ കേരള ബഡ്ജറ്റിലൂടെ ഉന്നവിദ്യാഭ്യാസ മേഖല യിൽ 3-5 ലക്ഷം പേർക്ക് പഠന സൗകര്യം ഒരുക്കുന്നതിനും, 1000 അധ്യാപകരെ നിയമിക്കുന്നതിനും സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും, സർവ്വകലാശാലകളുടെ പശ്ചാത്തല വികസനത്തിനായി 2000 കോടി രൂപ കിഫ്ബി വഴി ധനസഹായം നൽകുന്നതിനും, അഫിലിയേറ്റഡ് കോളേജുകൾക്ക് 1000 കോടി രൂപ ധനസഹായം നൽകുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്. ഇതു കൂടാതെ, ഉന്നതവിദ്യാഭ്യാസത്തിന്റെ ഘടനയും, ഉള്ളടക്കവും അനുയോജ്യമായ വിധത്തിൽ പരിഷ്കരിക്കുന്നതിനും അതിലൂടെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസമേഖലയെ ഒരു ജ്ഞാന സമൂഹമാക്കി മാറ്റുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുമായി ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് 21-09-2021-ലെ ജി.ഒ.(എം.എസ്) നമ്പർ 390/2021/ എച്ച്.ഇ.ഡിഎൻ ഉത്തരവ് പ്രകാരം 7 അംഗങ്ങളെ ഉൾപ്പെടുത്തി ഉന്നത വിദ്യാഭ്യാസ പരിഷ്ക്കാര കമ്മീഷനും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | മെഡിക്കൽ പ്രൊഫഷണൽ കോഴ്സുകൾ കൂടുതലായി ആരംഭിച്ച് വിദേശീയരെ ഉൾപ്പെടെ ആകർഷിക്കുന്ന ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബ് ആയി സംസ്ഥാനത്തെ മാറ്റാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | എ യിൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ